**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1181** **04-07-2022 - ൽ മറുപടിയ്ക്ക്**

**മടത്തറക്കാണി ഹൈസ്കൂളിന്റെ ചുറ്റുമതിൽ പുനർനിർമ്മിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് വർഷം മുമ്പ് പൊളിച്ചു മാറ്റിയ പെരിങ്ങമ്മല പഞ്ചായത്തിലെ മടത്തറക്കാണി ഹൈസ്കൂളിന്റെ ചുറ്റുമതിൽ കെട്ടി നൽകുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മലയോര ഹൈവേയുടെ നിർവഹണ ചുമതല നേരത്തെ പൊതുമരാമത്ത് വകുപ്പ് കൊല്ലം നിരത്ത് വിഭാഗത്തിനായിരുന്നു. 28.12.2020 ൽ പ്രവർത്തി പൂർത്തീകരിച്ച് ഫയലുകൾ കെ.ആർ. എഫ്.ബി - പി.എം.യു വിന് 31.08.2021-ൽ കൈമാറി. എന്നാൽ സ്കൂൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അധികാരപരിധിയിൽ വരുന്നതിനാൽ ചുറ്റുമതിലിന്റെ എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി - പി.എം.യു തയ്യാറാക്കിയിട്ടില്ല. |
| (ബി) | സ്കൂളിന്റെ സുരക്ഷ പരിഗണിച്ച് ആയത് അടിയന്തരമായി പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കിയിരിക്കുന്നതിനാൽ ടി പ്രവൃത്തിയിലുൾപ്പെടുത്തി ചുറ്റുമതിൽ ചെയ്യാൻ സാഹചര്യമില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് ചുറ്റുമതിൽ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയാൽ മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി സാമ്പത്തിക അനുമതി ലഭ്യമാക്കി പ്രവൃത്തി നിർവഹണത്തിനുള്ള തുക കൈമാറാനാകുമോ എന്ന് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ